(ബി) അതേദിവസംതന്നെ അവിടെ ശിലാസ്ഥാപനം നിർവ്വഹിക്കപ്പെട്ട കയർ കോർപ്പറേഷന്റെ എക്സ്പോർട്ട് ഓറിയന്റ് പ്രൊഡക്ഷൻ യൂണിറ്റിന്റെ പ്രവർത്തനം തുടങ്ങാത്തതിന്റെ കാരണം വ്യക്തമാക്കുമോ?

ഉത്തരം

(എ) മാരാരിക്കുളം നിയോജകമണ്ഡലത്തിലെ വ്യവസായ പാർക്കിന്റെ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനുള്ള പ്രാരംഭ പ്രവർത്തനങ്ങൾ നടത്തിവരികയാണ്.

(ബി) സാമ്പത്തിക പരാധീനത മൂലമാണ് ടി യൂണിറ്റിന്റെ പ്രവർത്തനങ്ങൾ തുടങ്ങാൻ കഴിയാത്തത്. 2000-2001 സാമ്പത്തികവർഷത്തിലെ കമ്പനിയുടെ ബഡ്ജറ്റിൽ ആയതിലേക്ക് തുക പ്രത്യേകം വകകൊള്ളിച്ച് പ്രവർത്തനം തുടങ്ങാനാവുമെന്ന് പ്രതീക്ഷിക്കുന്നു.

32 (607) കശുമാവ് കൃഷി വികസനം

ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കശുവണ്ടി വികസന കോർപ്പറേഷന്റെ അഭിമുഖ്യത്തിൽ കശുമാവ് കൃഷി വികസനത്തിനുവേണ്ടി എന്തെല്ലാം നടപടികളാണ് ഈ വർഷം ചെയ്തിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) കശുമാവ് കൃഷി വികസനത്തിനുവേണ്ടി ഈ വർഷത്തെ ബഡ്ജറ്റിൽ വകകൊള്ളിച്ചിരുന്ന തുകയിൽ എന്തുതുക ഇതിനകം ചെലവാക്കിയിട്ടുണ്ടെന്ന് വിശമാക്കുമോ;

(സി) ഈ തുക ഉപയോഗിച്ച് മൊത്തം എത്ര ഹെക്ടർ സ്ഥലത്താണ് കശുമാവ് കൃഷി നടത്തിയിട്ടുള്ളത്?

ഉത്തരം

(എ) കശുവണ്ടി വികസനത്തിന്റെ ഭാഗമായി കോർപ്പറേഷന്റെ ഫാക്ടറി കോമ്പൗണ്ടുകളിലും, പൊതുമേഖലാ സ്ഥാപനങ്ങളിൽ ലഭ്യമായുള്ള സ്ഥലങ്ങളിലും കശുമാവു കൃഷി ആരംഭിച്ചുകഴിഞ്ഞു. കൊട്ടിയം ഫാക്ടറി കോമ്പൗണ്ടിൽ ഒരു കശുമാവ് നഴ്സറി ആരംഭിക്കുന്നതിനുള്ള നടപടികൾ എടുത്തുവരുന്നു. ജില്ലാ പഞ്ചായത്തിന്റെ ആഭിമുഖ്യത്തിൽ കശുമാവ് കോർപ്പറേഷൻ തൊഴിലാളികൾക്ക് സൗജന്യ നിരക്കിൽ കശുവണ്ടി തൈകൾ നൽകി കശുമാവ് കൃഷി വ്യാപിപ്പിക്കുന്നതിനുള്ള നടപടികളും എടുത്തുവരുന്നു.

(ബി) കശുമാവ് കൃഷി വികസനത്തിനുവേണ്ടി കോർപ്പറേഷന് ബഡ്ജറ്റിൽ ധനദൗർലഭ്യംമൂലം വകകൊള്ളിച്ചിരുന്നില്ല.

(സി) ചോദ്യം ഉദിക്കുന്നില്ല.

33 (608) ഓട് വ്യവസായം നേരിടുന്ന പ്രതിസന്ധി

ശ്രീ. കെ.പി. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly